# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1140

03.12.2015 ൽ മറുപടിയ്ക്ക്

### എയ്ഡഡ് സ്കൂൾ മാനേജുമെന്റുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. രാജു എബ്രഹാം<br>ഡോ. കെ.ടി. ജലീൽ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് എയ്ഡഡ് സ്കൂൾ മാനേജുമെന്റുകളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (എ) കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന മാനേജുമെന്റുകൾക്കെതിരെ നടപടി യെടുക്കുന്നതിനുള്ള വ്യവസ്ഥകൾ നിലവിലുണ്ട്. മാനേജുമെന്റുകളുടെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക വിലയിരുത്തൽ നടത്തിയിട്ടില്ല. |
| (ബി) എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ ക്കെതിരെ അച്ചടക്കനടപടി സ്വീകരി ക്കുന്നതിന് മാനേജുമെന്റുകൾ ക്കുള്ള അധികാരം ഇല്ലാതാക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി ചട്ടത്തിൽ ഭേദഗതി വരുത്തേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; | (ബി) നിലവിൽ ഇത്തരമൊരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) മുന്നിയൂർ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ കെ.കെ. അനീഷിന്റെ മരണത്തിനുത്തര വാദിയായ സ്കൂൾ മാനേജരെ പോലീസ് അറസ്റ്റ് ചെയ്ത സാഹചര്യത്തിൽ വകുപ്പു തല നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; | (സി) മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർ സെക്കന്ററി സ്കൂളിലെ മാനേജർ (പവർ ഓഫ് അറ്റോർണി) ശ്രീ. സെയ്തലവിക്കെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും കൈ- ക്കൊണ്ട അച്ചടക്ക നടപടി, ടിയാൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നം. 12118/2015 - ന്റെ 28.07.2015 - ലെ വിധിന്യായ പ്രകാരം തടഞ്ഞിട്ടുള്ള തിനാൽ തുടർ നടപടികൾ സ്വീകരി- ച്ചിട്ടില്ല. |
| (ഡി) വ്യാജരേഖ ചമച്ചാണ് പ്രസ്തുത അദ്ധ്യാപകനെ സ്കൂളിൽ നിന്ന് പുറത്താക്കിയതെന്നും പിരിച്ചുവിട്ട നടപടി തെറ്റാണെന്നും ഡി.പി.ഐ. റിപ്പോർട്ടു നൽകിയിട്ടും മുൻ ഡി.ഡി.ഇ. യും സ്കൂൾ പ്രധാന അദ്ധ്യാപികയും ഉൾപ്പെടെയുള്ള വർക്കെതിരെ നടപടി സ്വീകരിക്കാ ത്തതെന്തുകൊണ്ട്; വ്യക്തമാ- ക്കുമോ; | (ഡി) സർവ്വീസിൽ നിന്നും വിരമിച്ച മലപ്പുറം ജില്ലാ മുൻ വിദ്യാഭ്യാസ ഉപഡയറക്ടർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് സംബ- ന്ധിച്ച് സർക്കാർ ഇതുവരെ തീരു- മാനമെടുത്തിട്ടില്ല. പ്രധാനാദ്ധ്യാപിക ശ്രീമതി.സുധ പി. നായർക്കെതിരെ |

| | | | |
|---|---|---|---|
| | | | യുള്ള അച്ചടക്ക നടപടി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാ-ലയത്തിൽ തുടർന്നു വരുന്നു. |
| (ഇ) | കെ.കെ. അനീഷിന്റെ ഭാര്യക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകണമെന്ന ആവശ്യം പരിഗണി ച്ചിട്ടുണ്ടോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ